# കേരള സർവകലാശാല

നം. പി.ആർ.117/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ടെക് സൂക്ഷ്മപരിശോധന

2017 ജൂലൈയിൽ നടന്ന ബി.ടെക് കംബൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ (റെഗുലർ 2016 അഡ്മിഷൻ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം-2013 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ മെയ് 25 മുതൽ ജൂൺ ഒന്ന് വരെയുളള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## എം.ടെക് ഫലം

2017 ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) റഗുലർ (2013 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പെൻഷൻ/ഫാമിലി പെൻഷൻ

സർവ്വകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ മസ്റ്റർ ചെയ്യാത്തവർക്ക് 2018 ജൂൺ മാസം മുതൽ പെൻഷൻ/ഫാമിലി പെൻഷൻ വിതരണം ചെയ്യുന്നതല്ല.

## ടൈംടേബിൾ

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ എത്തിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് പരീക്ഷ ജൂൺ ആറിന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ഐ.ടി പ്രവേശനം

യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(യു.ഐ.ടി) പിരപ്പൻകോട്, ആലപ്പുഴ എന്നീ സെന്ററുകളിലെ 'കമ്മ്യൂണിറ്റി ഡെവലപ്മെന്റ്', 'മെഡിക്കൽ ആൻഡ് സൈക്യാട്രിക്ക് സോഷ്യൽ വർക്ക്' എന്നീ സ്പെഷ്യാലിറ്റികളിൽ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എം.എസ്.ഡബ്ല്യൂ) കോഴ്സുകളിലേക്ക് പ്രവേശനത്തിനുളള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 11. പ്രവേശനം ജൂൺ 20 ന് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ ബി.കോം മൂല്യനിർണയ കേന്ദ്രങ്ങൾ

2018 മെയിൽ നടന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ ബി.കോം കരിയർ റിലേറ്റഡ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയം മെയ് 25 മുതൽ ആരംഭിക്കുന്നതാണ്. മൂല്യനിർണയ കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിൽ ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

ജൂൺ അഞ്ചിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
24.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098